# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 244

09.06.2014-ൽ മറുപടിയ്ക്ക്

## വാഹന പരിശോധനയ്ക്കിടെ ഉണ്ടായ അപകടങ്ങൾ

**ചോദ്യം**
**ശ്രീ.എ.കെ.ബാലൻ**

**മറുപടി**

**ശ്രീ. രമേശ് ചെന്നിത്തല**
**(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വാഹന പരിശോധന, ഹെൽമറ്റ് പരിശോധന എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടായ അപകടങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; ഇവരുടെ പേരും, പോലീസ് സ്റ്റേഷൻ അതിർത്തികളും അപകട സ്ഥലവും വ്യക്തമാക്കുമോ ; | (എ) (ബി) & (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പോലീസ് വകുപ്പ് നടത്തിയ(18.05.2011 മുതൽ 31.05.2014 വരെ) വാഹന പരിശോധന, ഹെൽമറ്റ് പരിശോധന എന്നിവയുമായി ബന്ധപ്പെട്ട അപകടങ്ങളിൽ ആരും തന്നെ കൊല്ലപ്പെട്ടിട്ടില്ല. |
| (ബി) അപകടങ്ങൾക്ക് കാരണക്കാരായ പോലീസുകാരുടെ പേരിൽ കൊലകുറ്റത്തിന് കേസ്സെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കുറ്റമാണ് ഇവരുടെ പേരിൽ ചുമത്തിയിട്ടുള്ളത്; എത്ര പോലീസുകാരുടെ പേരിൽ കേസ്സ് എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | |
| (സി) അപകടങ്ങളിൽ മരിച്ചവരുടെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | |

(ഡി) വാഹന പരിശോധനയുടെ പേരിലുള്ള അപകടങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ച സർക്കുലർ നം. 6/12 പ്രകാരം ഉള്ള നിർദ്ദേശങ്ങൾ അനുസരിച്ചാണ് വാഹന പരിശോധന നടത്തി വരുന്നത്. വാഹന പരിശോധന സുതാര്യവും അപകടരഹിതവുമാകുന്നതിനായി വളവിലും ജംഗ്ഷനുകളിലും തിരക്കുള്ള സ്ഥലത്തും മറ്റും വാഹന പരിശോധന നടത്താതെ വെളിച്ചമുള്ള സ്ഥലത്തും വാഹനം നിർത്തുന്നതിന് സൗകര്യമുള്ള സ്ഥലത്തുവച്ചും പരിശോധന നടത്തുവാനും വാഹനത്തിനടുത്ത് ചെന്ന് ഉദ്യോഗസ്ഥൻ പരിശോധന നടത്തേണ്ടതാണെന്നും ഒരേ സമയത്ത് ഒരു വാഹനം മാത്രമേ പരിശോധനയ്ക്ക് വേണ്ടി നിർത്തിയിടുവാൻ പാടുള്ളു എന്നുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിർത്താതെ പോകുന്ന വാഹനത്തെ പിൻതുടരാതെ ടി വാഹനത്തിന്റെ നമ്പർ കുറിച്ചെടുത്ത് മറ്റ് നിയമ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**